# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 26 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**മണ്ഡലകാല ഉത്സവത്തിന് ഭക്തിസാന്ദ്രമായ സമാപനം;**
**മകരവിളക്ക് ഉത്സവത്തിനായി 30-ന് നടതുറക്കും**

ശരണം വിളികളാല് മുഖരിതമായ നാൽപ്പത്തിയൊന്നു ദിവസത്തെ മണ്ഡലകാല തീർഥാടനത്തിന് സമാപനം കുറിച്ച് ഇന്നലെ മണ്ഡലപൂജ (ഡിസംബര് 26) നടന്നു. രാവിലെ 11.40 നും 12.20 നും മദ്ധ്യേയുള്ള മീനം രാശി മുഹൂർത്തത്തില് തന്ത്രി കണ്ഠരര് രാജീവര് മുഖ്യകാർമികത്വം വഹിച്ചു. മേല്ശാന്തി ജയരാജ് പോറ്റി സഹകാർമികനായി. വിശേഷാല് കളഭാഭിഷേകവും 25 കലശവും നടന്നു.

തങ്ക അങ്കി ചാർത്തിയ അയ്യപ്പ വിഗ്രഹത്തിന്റെ അനിർവചനീയമായ ചൈതന്യത്തിന്റെ ദര്ശന സാഫല്യത്തോടെയാണ് അയ്യപ്പ ഭക്തര് മലയിറങ്ങിയത്. തിരുവിതാംകൂര് മഹാരാജാവായിരുന്ന ശ്രീചിത്തിര തിരുനാള് ബാലരാമ വർമയാണ് മണ്ഡല പൂജയ്ക്കു ചാർത്തുന്നതിനുള്ള 450 പവന് തൂക്കമുള്ള തങ്കഅങ്കി 1973-ല് നടയ്ക്കുവച്ചത്. ഭക്തിസാന്ദ്രമായ അന്തരീക്ഷത്തില് 22 ന് ആറൻമുള പാർഥസാരഥി ക്ഷേത്രത്തില് നിന്നും പുറപ്പെട്ട തങ്ക അങ്കി ഘോഷയാത്ര വെള്ളിയാഴ്ച വൈകിട്ട് 6.22നാണ് സന്നിധാനത്തെത്തിയത്. വെള്ളിയാഴ്ച്ച വൈകിട്ട് 6.30ന് തങ്ക അങ്കി ചാർത്തിയുള്ള മഹാ ദീപാരാധനയും നടന്നു.

ശനിയാഴ്ച രാത്രി ഹരിവരാസനം പാടി 9 മണിക്ക് നട അടക്കുന്നതോടെ ഇത്തവണത്തെ മണ്ഡലകാലത്തിന് സമാപനമാകും. മകരവിളക്ക്

ഉത്സവത്തിനായി ഡിസംബര് 30ന് വൈകിട്ട് അഞ്ചിന് നടതുറക്കും. 31 മുതല് 2021 ജനുവരി 19 വരെയാണ് മകരവിളക്ക് ഉത്സവ കാലം. ഡിസംബര് 31 മുതല് ഭക്തർക്ക് പ്രവേശനം ഉണ്ടാകും. ജനുവരി 14 നാണ് മകരവിളക്ക്.

മണ്ഡല പൂജാ സമയത്ത് ശ്രീകോവിലിന് മുന്നില് തിരുവിതാംകൂര് ദേവസ്വം ബോര്ഡ് പ്രസിഡന്റ് അഡ്വ.എന്.വാസു, ദേവസ്വം കമ്മീഷണര് ബി.എസ്.തിരുമേനി, പോലീസ് ഐ.ജി. എസ്. ശ്രീജിത്ത്, ചീഫ് എന്ജിനിയര് കൃഷ്ണകുമാര്, എക്സിക്യൂട്ടീവ് എന്ജിനിയര് അജിത് കുമാര്, സന്നിധാനം പോലീസ് സ്പെഷ്യല് ഓഫീസര് എ.എസ്.രാജു തുടങ്ങിയവരും മറ്റ് വിശിഷ്ട അതിഥികളും സന്നിഹിതരായിരുന്നു.

**...പരിസമാപ്തിയായത് കോവിഡ് പശ്ചാത്തല തീർത്ഥാടനത്തിന്...**

കോവിഡ് പശ്ചാത്തലത്തിലാണ് ഇത്തവണത്തെ മണ്ഡലകാലം പൂർത്തിയാക്കിയതെന്ന പ്രത്യേകതയുമുണ്ട്. കോവിഡ് പ്രോട്ടോക്കോളിന്റെ ഭാഗമായി തീർഥാടകരുടെ എണ്ണം തുടക്കത്തില് ആയിരമെന്ന നിലയില് പരിമിതപ്പെടുത്തിയിരുന്നു. പിന്നീട് ബന്ധപ്പെട്ട കമ്മിറ്റികളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തില് രണ്ടായിരമായും തുടർന്ന് മൂവായിരമായും ഭക്തരുടെ എണ്ണം വർധിപ്പിച്ചു. മണ്ഡല പൂജയ്ക്കും മകരവിളക്കിനും അയ്യായിരവുമാക്കി. കോവിഡ് രോഗബാധയില്ലെന്ന് സ്ഥിരീകരിച്ച ശേഷം മാത്രമാണ് നിലക്കലില് നിന്ന് ഭക്തരെ പമ്പയിലേക്കും തുടർന്ന് സന്നിധാനത്തേക്കും പ്രവേശിപ്പിച്ചത്. ഇതിനായി നിലക്കലില് ലാബ് ഉൾപ്പെടെയുള്ള സൗകര്യങ്ങളൊരുക്കിയിരുന്നു. ഇതിന് പുറമേ വലിയനടപ്പന്തല് മുതല് ഭക്തരെ തെർമല് സ്കാനര് ഉപയോഗിച്ച് പരിശോധിച്ച ശേഷമാണ് പതിനെട്ടാംപടി കയറ്റിയത്. സാമൂഹ്യ അകലം പാലിച്ചായിരുന്നു ദര്ശന ക്യൂ. ഇതിനായി വലിയനടപ്പന്തല് മുതല് സോപാനം വരെയും മാളികപ്പുറത്തുൾപ്പെടെയും ഭക്തർക്ക് നിൽക്കാനുള്ള സ്ഥലങ്ങള് വരച്ച് അടയാളപ്പെടുത്തിയിരുന്നു. വിവിധയിടങ്ങളില് സാനിട്ടൈസറും ലഭ്യമാക്കിയിരുന്നു. ഇതിന് പുറമേ ഭക്തരെത്തുന്ന സ്ഥലങ്ങളെല്ലാം തന്നെ കൃത്യമായ ഇടവേളകളില് അണുനശീകരണം നടത്തുകയും ചെയ്തു.

കോവിഡ് മുന് കരുതലെടുത്ത ശേഷമാണ് എല്ലാ വിഭാഗം ജീവനക്കാരെയും ജോലിയില് പ്രവേശിക്കാന് അനുവദിച്ചത്. സമ്പർക്കമൊഴിവാക്കാനായി ജിവനക്കാർക്കും ചില നിയന്ത്രണങ്ങള് ഏർപ്പെടുത്തിയിരുന്നു. ജീവനക്കാരിലെ കോവിഡ് ബാധ കണ്ടെത്തുന്നതിനായി സന്നിധാനത്ത് രണ്ട് പ്രാവശ്യം ആന്റിജന് പരിശോധനാ ക്യാമ്പും സംഘടിപ്പിച്ചിരുന്നു. സന്നിധാനത്ത് വച്ച് രോഗബാധ സ്ഥിരീകരിച്ചവരെ സിഎഫ്എൽറ്റിസികളിലേക്ക് നീക്കുന്നതിനായി പ്രത്യേകം സജ്ജീകരിച്ച ആംബുലൻസും ഏർപ്പെടുത്തിയിരുന്നു.

തീർത്ഥാടകർക്കും സന്നിധാനത്ത് സേവനമനുഷ്ഠിച്ച ഏതാനും ജീവനക്കാർക്കും കോവിഡ് ബാധിച്ചെങ്കിലും ആശങ്കകളില്ലാതെ മണ്ഡലകാലം പൂർത്തിയായെന്നാണ് ദേവസ്വം ബാർഡിന്റെ വിലയിരുത്തല്. കോവിഡിന്റെ പശ്ചാത്തലത്തില് ഭക്തരുടെ എണ്ണത്തിലും വരുമാനത്തിലും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് സാരമായ കുറവാണ് രേഖപ്പെടുത്തയത്.

സദർശനത്തിനെത്തെത്താന് കഴിയാത്ത ഭക്തർക്കായി ശബരിമല സ്വാമി പ്രസാദം തപാല് മുഖേന ഭക്തരുടെ വീടുകളിലെത്തിച്ച് നൽകുന്ന പദ്ധതിയും നടപ്പാക്കിയിരുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തില് ഭാരതീയ തപാല് വകുപ്പുമായി ചേർന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് തപാല് വഴി

പ്രസാദ വിതരണം ആരംഭിച്ചത്. അരവണ, നെയ്യ്, കുങ്കുമം, മഞ്ഞള്, വിഭൂതി, അര്‍ച്ചന പ്രസാദം എന്നിവ ഉള്‍പ്പെടുന്ന പ്രസാദ കിറ്റാണ് ഇത്തരത്തില് രാജ്യമെമ്പാടുമുള്ള ഭക്തര്‍ക്ക് ലഭ്യമാക്കിയത്.

ഡിസംബര് 26 മുതല് ആര്‍ടിപിസിആര് ടെസ്റ്റ് നടത്തിയവരെ മാത്രം പ്രവേശിപ്പിച്ചാല് മതിയെന്നാണ് ഹൈക്കോടതിയുടേയും സര്‍ക്കാരിന്റെയും നിര്‍ദേശം. എന്നാല്, ആര്‍ടിപിസിആര് ടെസ്റ്റ് നടത്തി റിപ്പോര്‍ട്ട് കിട്ടാനുള്ള കാലതാമസവും ചെലവും പരിഗണിച്ച് ആര്‍ടിപിസിആര് ടെസ്റ്റിന് പുറമേ ആര്‍ടി ലാമ്പ് ടെസ്റ്റ്, എക്സ്പ്രസ് നാറ്റ് എന്നീ രണ്ട് ടെസ്റ്റുകളിലേതെങ്കിലും നടത്തി നെഗറ്റീവാകുന്നവരെയും സന്നിധാനത്തേക്ക് പ്രവേശിപ്പിക്കാന് തീരുമാനമായിട്ടുണ്ട്.

**(പി.ആര്. ശബരി - (144)**

